മാതൃഭൂമി

Mathrubhumi Seed

Student Empowerment for Environmental Development

IN PARTNERSHIP WITH FEDERAL BANK

പ്രസിദ്ധീകരണം

ആകാശപ്പച്ച

പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED DIGITAL NATURE MAGAZINE

LEAF - 45 MAY 2025

ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16

Cover photo: Unsplash/Camerauthor Photos

22 May
International Day
for Biological Diversity

ആഘോഷിക്കാം ജീവന്റെ ദിനം

ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്യുന്ന ദിനാചരണ
ങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളതാണ് അന്താരാഷ്ട്ര
ജൈവ വൈവിധ്യ ദിനം. മനുഷ്യ പ്രവർത്തനങ്ങൾ
മൂലം ഭൂമിയിലെ ജൈവവൈവിധ്യം ഗണ്യമായി
കുറയുന്നതാണ് ഭൂമിയുടെ നിലനിൽപ്പിന് ഏറ്റവും
ഭീഷണിയാവുന്നത്. ഈ തലമുറയ്ക്കും ഭാവി തലമുറ
കൾക്കും ഏറ്റവും മൂല്യമുള്ള ആഗോള ആസ്തിയാണ്
ജൈവവൈവിധ്യം എന്ന തിരിച്ചറിവ് എത്രയുംവേഗം
ഉണ്ടാവേണ്ടിയിരിക്കുന്നു. ലോകത്തെ ഒരോ ജീവ
ന്റെയും മൗലികാവകാശമായ, ജീവിക്കാനുള്ള
അവകാശം നിലനിർത്തുന്നതിന് ഇത് അത്യാവ
ശ്യമാണ്. ജൈവ വൈവിധ്യത്തെ കാര്യമായി മാനി
ക്കാതെയാണ് നാം നഗരങ്ങൾ കെട്ടിപ്പടുക്കുന്നത്.
മനുഷ്യരുടെ അതിവേഗ പുരോഗതിക്കൊപ്പം ജൈ
വവൈവിധ്യസംരക്ഷണത്തിലും അതീവ ജാഗ്രത
പുലർത്തണമെന്ന വലിയ സന്ദേശമാണ് ഈ ദിനാ
ചരണവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യേണ്ടത്.

എഡിറ്റോറിയൽ



മാറേണ്ടത് മനുഷ്യരാണ്

വൈവിധ്യമാർന്ന സസ്യങ്ങൾ, ജന്തുക്കൾ, സൂക്ഷ്മാണുക്കൾ എന്നിവയുടെ ആകെത്തുകയെന്ന അർത്ഥത്തിലാണ് ജൈവവൈവിധ്യത്തെ പലപ്പോഴും അടയാളപ്പെടുത്തുന്നത്. ഓരോ ജീവിവർഗത്തിലും ഉള്ള ജനിതക വ്യത്യാസങ്ങൾ പോലും ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ വളരെ പ്രധാനമാണ്. തടാകങ്ങൾ, വനം, മരുഭൂമികൾ, കാർഷിക പ്രദേശങ്ങൾ തുടങ്ങി വിവിധതരം ആവാസവ്യവസ്ഥകളുടെ വൈവിധ്യവും പ്രധാനമാണ്. എല്ലാ ജീവന്റെയും നിലനിൽപ്പ് ജൈവവൈവിധ്യത്തിന്റെ ആരോഗ്യകരമായ അവസ്ഥയോട് ബന്ധപ്പെട്ടിരിക്കുന്നു. ജൈവവൈവിധ്യത്തിന് ഏറ്റവും നാശം വരുത്തുന്ന മനുഷ്യരുടെ കാര്യം മാത്രമെടുത്ത് പരിശോധിക്കാം – മനുഷ്യന്റെ ഭക്ഷണത്തിന്റെ 80 ശതമാനത്തിലധികവും സസ്യങ്ങളാണ് നൽകുന്നത്. വികസ്വര രാജ്യങ്ങളിലെ ഗ്രാമവാസികളിൽ വലിയൊരു വിഭാഗം, അടിസ്ഥാന ആരോഗ്യ സംരക്ഷണത്തിനായി പരമ്പരാഗത സസ്യങ്ങളെ നേരിട്ട് ഉപയോഗിക്കുന്നുണ്ട്. ലോകത്തൊട്ടാകെ ഏകദേശം മൂന്ന് ബില്യൺ ആളുകൾക്ക് മൃഗപ്രോട്ടീന്റെ 20 ശതമാനം ലഭിക്കുന്നത് മത്സ്യങ്ങളിൽ നിന്നാണ്. ജൈവവൈവിധ്യനഷ്ടം, മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് രോഗങ്ങൾ പകരുന്നത് വർധിപ്പിക്കുമെന്ന് പഠനങ്ങൾ പറയുന്നു. മനുഷ്യരുടെ മാത്രമല്ല ഭൂമിയിലുള്ള സകല ജീവജാലങ്ങളുടെയും ആരോഗ്യകരമായ ജീവിതത്തിന് ഭീഷണിയാവുന്ന സാഹചര്യമാണിത്. മനുഷ്യർക്കു മാത്രമേ ഇത് തടയാൻ കഴിയൂ...

കാടും നദിയും പറയുന്നത്

ഭൂമിശാസ്ത്രപരമായി ഒരു പറുദീസയാണ് ഇന്ത്യ. വൈവിധ്യമുള്ള കാടുകളാണ് രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. കാടുകളുടെയും നദികളുടെയും നിലനൽപ്പ് പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. രാജ്യത്തുടനീളം നിരവധി നദികൾ ഒഴുകുന്നു. മിക്ക നദികളും കിഴക്കോട്ട് ഒഴുകി ബംഗാൾ ഉൾക്കടലിൽ ചേരുമ്പോൾ, ചുരുക്കം ചില നദികൾ പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽഎത്തുന്നു. പടിഞ്ഞാറോട്ട് ഒഴുകുന്ന രണ്ട് പ്രധാന നദികൾ നർമ്മദയും താപ്തിയുമാണ്. മധ്യപ്രദേശിന്റെയും ഗുജറാത്തിന്റെയും ജീവരേഖ എന്നറിയപ്പെടുന്ന നദിയാണ് നർമ്മദ. കാടും നദിയും ഒരുമിച്ച് കാത്തു രക്ഷിക്കലാണ് രാജ്യപുരോഗതിയിലേക്കുള്ള, ഭദ്രവും ശാശ്വതവുമായി വഴി.

സഫ്രീന ബഷീർ
എച്ച്ഐഎസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
ആനയിടുക്ക്, കണ്ണൂർ

വികസനമെന്ന പേരിലും മനുഷ്യന്റെ അത്യാഗ്രഹം കൊണ്ടും മലകൾ ഇല്ലാതായി, കുന്നുകൾ കാണാതായി. പാറകളിൽ ഖനനവും പുഴകളിൽ മണൽ വാരലും പ്ലാസ്റ്റിക്ക് വലിച്ചെറിയലും നിത്യകാഴ്ചകളായി മാറി. പ്രകൃതി സുന്ദരമായിരുന്ന കേരളം നാശത്തിലേക്ക് നീങ്ങുകയാണ്. മനുഷ്യന്റെ ആർത്തികൊണ്ട് കേരം തിങ്ങുന്ന കേരളം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കവികൾക്കും കഥാകാരന്മാർക്കും സങ്കടക്കണ്ണീരിന്റെ കഥ പറയാൻ...

ലത മണിയാട്ട്, സീഡ് കോർഡിനേറ്റർ
ജിഎൽപി സ്കൂൾ, ചന്ദ്രഗിരി
കാസർകോട്

എമ്പറർ പെൻഗ്വിൻ

ഇന്ന് ഭൂമിയിൽ ജീവിക്കുന്ന പെൻഗ്വിനുകളിൽ ഏറ്റവും പൊക്കം കൂടിയ പെൻഗ്വിനാണ് എമ്പറർ പെൻഗ്വിൻ (Emperor penguin). ഇവ122 സെ.മി. വരെ പൊക്കവും 22 മുതൽ 45 കിലോഗ്രാം വരെ തൂക്കവും വയ്ക്കാറുണ്ട്. അന്റാർട്ടിക്കയിലാണ് ഈ പെഗ്വിനുകളുടെ വാസം. ഇവയുടെ പിൻഭാഗത്തിനും തലയ്ക്കും കറുപ്പ്നിറവും വയറിന് വെള്ളനിറവുമാണുള്ളത്. മറ്റു പെൻഗ്വിനുകളെപ്പോലെ ഇവയ്ക്കും പറക്കാനുള്ള കഴിവില്ല. പ്രധാന ഭക്ഷണം മത്സ്യങ്ങളാണ്. അന്റാർട്ടിക് ശൈത്യകാലത്ത് ഇണചേരാറുള്ള ഏക പെൻഗ്വിൻ വിഭാഗം ഇതാണ്.

വാസുദേവ് അരവിന്ദ്
വീമംഗലം യുപിഎസ്
മൂടാടി, കോഴിക്കോട്

ഈ ഫോട്ടോ കാണാം

മൂന്നാർ

അയ്ഷത്ത് ത്വഹൂറ കെ.കെ.
അധ്യാപിക, എഎംയുപി സ്കൂൾ
മുണ്ടക്കോട്ടുകുറുശ്ശി, പാലക്കാട്



ചതുരപ്പയർ

പോഷകസമൃദ്ധമായ ഒരു പച്ചക്കറി വിളയാണ് ചതുരപ്പയർ. ചതുരാകൃതിയിലുള്ള പയറിന്റെ രൂപം മൂലമാണ് ഈ പേര് ലഭിച്ചത്. ഇല, പൂവ്, കായ, കിഴങ്ങ്, തുടങ്ങി ചെടിയുടെ എല്ലാഭാഗങ്ങളും ഭക്ഷ്യയോഗ്യമാണ്. ഇതിൽ ധാരാളം പ്രോട്ടീനും ആന്റിഓക്സിഡന്റുകളും അടങ്ങിയിരിക്കുന്നു. നാരുകളാൽ സമ്പുഷ്ടമാണ് ചതുരപ്പയർ. കൂടാതെ കാൽസ്യം, മഗ്നീഷ്യം, ഫോസ്ഥറസ്, ഇരുമ്പ്, എന്നിവയ്ക്ക് പുറമേ വിറ്റമിൻ എ, ബി, സി, എന്നിവയും ധാരാളം അടങ്ങിയിരിക്കുന്നു. തയാമിൻ, നിയാസിൻ, ഫോളേറ്റ്, റൈബോഫ്ലേവിൻ, തുടങ്ങിയവയും ഉണ്ട്. വള്ളിച്ചെടിയായി വളരുന്ന മാംസ്യ സമ്പുഷ്ടമായ ചതുരപ്പയർ ഇറച്ചിപ്പയർ, ഗോവ ബീൻ, ആസ്പരാഗസ് ബീൻ എന്നീ പേരുകളിലും അറിയപ്പെടുന്നു.

അല്ലി കുരിയാക്കോസ്
സീഡ് അധ്യാപക കോർഡിനേറ്റർ
മാർ കൗമ എച്ച്എസ്എസ്, വേങ്ങൂർ
എറണാകുളം

സിനിമാപാട്ടിലെ പ്രകൃതി

നാളികേരത്തിന്റെ നാട്ടിൽ

*'നാളികേരത്തിന്റെ
നാട്ടിലെനിക്കൊരു
നാഴിയിടങ്ങഴി മണ്ണുണ്ട്'*

1970– ൽ പുറത്തിറങ്ങിയ, 'തുറക്കാത്ത വാതിൽ' എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്കരൻ എഴുതി കെ. രാഘവൻ മാസ്റ്റർ ഈണമിട്ട് യേശുദാസ് ആലപിച്ച ഗാനം. ജോലി ആവശ്യത്തിനായി മദ്രാസിലേക്കുപോയ പ്രേംനസീർ കഥാപാത്രം, നാട്ടിലെ വീടിനെയും കുടുംബത്തെയും കാമുകിയെയും ഓർത്തുപാടുന്ന ഗാനമാണിത്. കിളിക്കൂട് പോലത്തെ വീട്, നാലുകാൽ ഓലപ്പുര എന്നിങ്ങനെ പ്രയോഗങ്ങളെല്ലാം പ്രകൃതിയെയും പഴയ കാലത്തെയും ഓർമിപ്പിക്കുന്നതാണ്.

രതി ഗോപിനാഥ്, അധ്യാപിക
അഴർ ഇംഗ്ലീഷ് മീഡിയം സ്കൂൾ
തിരുക്കാട്, മലപ്പുറം

അറോറ ബൊറാലിസ്

ഭൂമിയിലെ ഏറ്റവും അതിശയിപ്പിക്കുന്ന പ്രകൃതിപ്രതിഭാസങ്ങളിൽ ഒന്നാണ് അറോറ ബൊറാലിസ് അഥവാ നോർത്തേൺ ലൈറ്റ്സ്. നോർവേ, ഐസ്‌ലാൻഡ്, അലാസ്ക, കാനഡ തുടങ്ങിയ സ്ഥലങ്ങളിൽ ഇത് കാണാൻ കഴിയും. സൂര്യനിൽ നിന്നുള്ള ചാർജ്ജ് കണികകൾ കാന്തിക ധ്രുവങ്ങൾക്ക് സമീപം ഭൂമിയുടെ അന്തരീക്ഷവുമായി കൂട്ടിയിടിക്കുന്നതാണ് ഈ പ്രകാശത്തിന് കാരണം. ഇത് രാത്രിആകാശത്ത് പച്ച, പിങ്ക്, പർപ്പിൾ, നീല നിറങ്ങളിലുള്ള തിളങ്ങുന്ന തരംഗങ്ങൾ സൃഷ്ടിക്കുന്നു. പലരും ഇതിനെ ആകാശ നൃത്തമായി വിശേഷിപ്പിക്കുന്നു. ചില സഞ്ചാരികൾ ഗ്ലാസ് ഇഗ്ലൂകളിൽ നിന്നോ ചൂടുള്ള നീരുറവകളിൽ നിന്നോ ഇത് വീക്ഷിക്കാറുണ്ട്. ഇത് യഥാർത്ഥത്തിൽ പ്രകൃതിയുടെ ഏറ്റവും മനോഹരവും ആവേശകരവുമായ ഷോകളിൽ ഒന്നാണ്.

ജിജമോൾ എബ്രഹാം
സെയിന്റ് ജെറോംസ് എച്ച്എസ്
വെള്ളയാംകുടി, ഇടുക്കി

തെറ്റ് ശരി

ചുവപ്പ് കണ്ട കാള

എല്ലാവരും കേട്ടിട്ടുള്ള കാര്യമാണ് ചുവപ്പ്നിറം കണ്ടാൽ കാളകൾ കുപിതരാവും എന്നുള്ളത്. എന്നാൽ കാളകൾ കുപിതരാവുന്നത് ചുവപ്പ് നിറം കണ്ടിട്ടല്ല. അവർ ഭാഗികമായി വർണാന്ധതയുള്ള ജീവികളാണ്. അവർക്ക് ചുവപ്പ് നിറം തിരിച്ചറിയാൻ കഴിയില്ല. വർണദർശനം സസ്തനികൾക്ക് സാധ്യമാകുന്നത് കണ്ണിന്റെ പിൻഭാഗത്തുള്ള കോൺ കോശങ്ങളുടെ ശേഖരണത്തിൽ ആണ്. കാളകൾക്കും മറ്റ് കന്നുകാലികൾക്കും ചുവന്ന റിസെപ്റ്റർ ഇല്ല. അവർക്ക് മഞ്ഞ, നീല, വയലറ്റ് എന്നീ നിറങ്ങൾ മാത്രമേ തിരിച്ചറിയാൻ കഴിയുകയുള്ളൂ. മുൻപ് പറഞ്ഞത് പോലെ ചുവപ്പ് നിറം കണ്ട് അല്ല കാള പ്രകോപിതനാകുന്നത്, തുണിയുടെയോ കൊടിയുടെയോ ചലനം കണ്ടാണ്.

മീനാക്ഷി ആർ.
ഇളംകാവ് വിദ്യാമന്ദിർ
മലകുന്നം, കോട്ടയം

ബഹിരാകാശ മാലിന്യങ്ങൾ

ഭൂമിയുടെ ചുറ്റും പ്രവർത്തനരഹിതമായ ഉപഗ്രഹങ്ങൾ, റോക്കറ്റ് എന്നിവ ക്രമാതീതമായി കൂടുന്നു. ഇവയെ ബഹിരാകാശമാലിന്യം (Space Debris) എന്ന് വിളിക്കാം. ടൺകണക്കിന് ബഹിരാകാശമാലിന്യമാണ് കുമിഞ്ഞ്കൂടുന്നത്. ഭൂമിയിൽ പതിക്കുന്ന ബഹിരാകാശ മാലിന്യത്തിന്റെ തോതും കൂടി വരികയാണ്. കേസ്ലർ സ്ൻഡ്രോം (Kessler Syndrome) എന്ന സിദ്ധാന്തപ്രകാരം, മാലിന്യങ്ങൾ തമ്മിലുള്ള കൂട്ടിയിടികൾ മൂലം കൂടുതൽ മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുകയും, ഇത് ബഹിരാകാശത്തിന്റെ ചില ഭാഗങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതാക്കുകയും ചെയ്യുന്നു. ബഹിരാകാശമാലിന്യങ്ങൾ അന്തരീക്ഷത്തിലെ താപനില വർദ്ധിപ്പിക്കുകയും കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യവുമായ ബഹിരാകാശ പേടകങ്ങളും ഉപഗ്രഹങ്ങളും ഭൂമിക്കു ഭീഷണിയായി കറങ്ങി നടക്കുന്നുണ്ട്. ഇത്തരം മാലിന്യങ്ങൾ ഒഴിവാക്കാനായി പ്രവർത്തിക്കേണ്ടത് ശാസ്ത്രലോകമാണ്.

ജെയ്ൻ റൊണാൾഡ്
സെന്റ് മേരീസ് റെസിഡൻഷ്യൽ പബ്ലിക് സ്കൂൾ
തിരുവല്ല, പത്തനംതിട്ട

പൂവറിവ്

കോലിഞ്ചിപ്പൂവ്

ഇഞ്ചിയുടെ വർഗ്ഗത്തിലെ ഒരു കാട്ടു ചെടിയാണ് കോലിഞ്ചി. കാട്ടിഞ്ചി എന്നും അറിയപ്പെടുന്നു. (ശാസ്ത്രീയ നാമം: Zingiber zerumbet). ഇന്ത്യൻ വംശജനാണ് ഈ ചെടി. 7 അടിയോളം പൊക്കം വയ്ക്കും. shampoo ginger, pinecone എന്നെല്ലാം അറിയപ്പെടുന്നു. ഇലയ്ക്കു നല്ല നീളമുള്ള ചെടിയാണ്. ഇത് നമ്മുടെ പറമ്പുകളിൽ വളരെ വേഗം വളർന്നു പടരുന്നു. കോലിഞ്ചിയുടെ പൂവിൽ നിന്നും കൊഴുത്ത പതയുള്ള ഒരു ദ്രാവകം വരും. ഇത് ഉപയോഗിച്ച് ഷാമ്പൂ ഉണ്ടാക്കാറുണ്ട്. അതിനാലാണ് ഈ പൂവിനു ഷാംപൂ ജിഞ്ചർ ഫ്ളവർ എന്ന പേര് വന്നത്. കാട്ടിൽ കൂടി പോകുമ്പോൾ ദാഹം ശമിപ്പിക്കാൻ ഇതിന്റെ നീര് പഴയ കാലത്ത് ഉപയോഗിക്കാറുണ്ടായിരുന്നു. അലങ്കാരത്തിനായി ഈ പൂക്കൾ കുപ്പിയിൽ ഇട്ടുവെക്കാറുണ്ട്.

റെൻദേവ് പത്മസൂര്യൻ
അമൃതവിദ്യാലയം,
ഹരിപ്പാട്, ആലപ്പുഴ

വർണച്ചിറക്
കവിത

തോഴൻ

അണ്ണാറക്കണ്ണൻ
പാത്തു മറന്നുവച്ച
ഒരുകൂട്ടം വിത്താണത്രെ
എന്റെ മുത്തശ്ശന്റെ
നീണ്ടു പരന്നു കിടക്കുന്ന
തൊടിയിലെ മരങ്ങളൊക്കെയും.

നാളിതുവരെയും
മുത്തശ്ശൻ എനിക്കായി കരുതിയ
മാമ്പഴമൊക്കെയും
കട്ടെടുത്തോടി മറഞ്ഞവനല്ലേ നീ,
എങ്കിലും നിന്നെയെനിക്കേറെയിഷ്ടം.

എന്റെ വേനലവധിയുടെ
തണലായതിനും
എന്റെ മുത്തശ്ശന്റെ
തോഴനായതിനും.



മാതൃഭൂമി ആകാശപ്പച്ച
2025 മേയ്

ആദ്യ എം. രാജേഷ്
ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,
മീനങ്ങാടി, വയനാട്

ഒരു തർക്കം

യമുനാനദിയുടെ തീരത്ത് മനോഹരമായ ഒരു പൂന്തോട്ട മുണ്ടായിരുന്നു. അവിടുത്തെ പൂമരത്തിൽ താമസിക്കുന്ന മിട്ടുതത്തയും മിന്നുപൂമ്പാറ്റയും ഒരുദിവസം തർക്കം തുടങ്ങി. ആർക്കാണ് സൗന്ദര്യവും കഴിവും കൂടുതൽ എന്ന തിന് ഇരുവരും പല പല തെളിവുകൾ നിരത്തി. നോക്കൂ, ഞങ്ങൾക്ക് പലവർണ്ണത്തിലുള്ള ചിറകുകൾ ഉണ്ടെന്നു മിന്നു പൂമ്പാറ്റ പറഞ്ഞപ്പോൾ ഞങ്ങ ളുടെ കൂട്ടത്തിലുമുണ്ട് പല വർണ്ണ ത്തിലുള്ള പക്ഷികൾ എന്ന് മിട്ടു തത്തയും അവകാശപ്പെട്ടു. അങ്ങനെ തർക്കം മുറുകി വന്നു. വാക്കുകൊണ്ട് ജയി ക്കാൻ പറ്റാതായപ്പോൾ അവർ തമ്മിൽ അടിപിടി യായി. അപ്പോഴാണ് മിക്കു വണ്ട് അവിടേക്കു പറന്നു വന്നത്. മിക്കു പറഞ്ഞു ഈ ഭൂമിയെ സുന്ദരമാ ക്കാൻ വേണ്ടി എല്ലാവരെയും സൗന്ദര്യമുള്ളവരായിട്ടുത ന്നെയാണ് ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് നമുക്കെല്ലാവർക്കും സ്നേഹ ത്തോടും ഒത്തൊരുമയോടുംകൂടെ ജീവിച്ച് ഈ ഭൂമിയെ കൂടുതൽ സുന്ദരമാക്കാം. അങ്ങനെ മിട്ടു തത്തയുടെയും മിന്നു പൂമ്പാറ്റയുടെയും തർക്കം അവസാനിച്ചു. അവർ പരസ്പരം കെട്ടിപ്പിടിച്ചു.

നക്ഷത്ര നിഖിൽ
എസ്ഡിവിജിയുപിഎസ്
നീർക്കുന്നം, ആലപ്പുഴ

Published by Mathrubhumi Seed